**File No.DME/6/2021-B6**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

DME
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

---

നമ്പർ. ബി 6 /06 (1) /2021 / മെ.വി.വ. തീയതി: 06/10/2021

## വിജ്ഞാപനം

**ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2021-22**
**(പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രം)**

മെഡിക്കൽ വിദ്യാഭാസ വകപ്പിന്റെ കീഴിൽ പട്ടിക ജാതി, പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടി തിരുവനന്തപുരം / കോട്ടയം / കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന **ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്**, 2021-22 ലേക്കുള്ള പ്രവേശനത്തിനു വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40% മാർക്കോടുകൂടി +2 പരീക്ഷ പാസായിരിക്കണം. +2 ന് ശേഷം ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും ANM കോഴ്സ് പാസായവർക്കും അപേക്ഷിക്കാവുന്നതാണ്.

**അപേക്ഷകർ 2021 ഡിസംബർ 31-ന് 17 വയസ്സ് പൂർത്തിയാക്കുന്നവരും 35 വയസ്സ് കഴിയാത്തവരും ആയിരിക്കണം**. ANM കോഴ്സ് പാസ്സായവർക്ക് പ്രായപരിധി ബാധകമല്ല.

അഞ്ച് ശതമാനം സീറ്റുകൾ, കോഴ്സിന് അനുയോജ്യരാണെന്ന് വിലയിരുത്തുന്ന 40 മുതൽ 50 ശതമാനം വരെ അംഗപരിമിതിയുള്ളവർക്കായി (ലോവർ എക്സ്ട്രിമിറ്റി) സംവരണം ചെയ്തിരിക്കുന്നു.

**അപേക്ഷ ഫോറവും, പ്രോസ്പെക്ടസും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.dme.kerala.gov.in.) നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകർ അപേക്ഷ ഫീസായ 100 രൂപ 0210-03-105-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതും, പൂരിപ്പിച്ച അപേക്ഷയോടൊപ്പം അസ്സൽ ട്രഷറി ചെല്ലാൻ സമർപ്പിക്കേണ്ടതുമാണ് (ട്രഷറി ചെല്ലാന്റെ ഫോട്ടോകോപ്പി സ്വീകരിക്കുന്നതല്ല)**

പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അസ്സൽ ട്രഷറി ചെല്ലാൻ, എസ്.എസ്.എൽ.സി., പ്ലസ് ടു / തത്തുല്യം, ജാതി, സ്വദേശം/താമസം, സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം (പ്രോസ്പെക്ടസ്

## File No.DME/6/2021-B6

ഖണ്ഡിക '17' പ്രകാരം **2021 നവംബർ 05**- ന് മുൻപായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദിഷ്ട രീതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ്ബ്സൈറ്റിലും **(www.dme.kerala.gov.in.),** GNM-2021 പ്രോസ്പെക്ടസിലും ലഭ്യമാണ്. ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള **ടെലിഫോൺ നമ്പർ: 0471 2528575.**

8/10/21

DR.REMLA BEEVI.A
DIRECTOR

പകർപ്പ്;

1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
3. ആദിവാസി മഹാസഭ , ആദിവാസി ഭവൻ, വിതുര, തിരുവനന്തപുരം
4. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
5. ആകാശവാണി, തിരുവനന്തപുരം / കോഴിക്കോട്
6. ദൂരദർശൻ, തിരുവനന്തപുരം / കോഴിക്കോട്
7. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശ്ശൂർ / കോഴിക്കോട് / എറണാകുളം
8. ഡി.എം.ഇ.-യുടെ സി.എ. ( വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
9. ഡിഎംഇ/ജെഡിഎംഇ (എം &ജി)/ ജെ ഡി എൻ ഇ എന്നിവരുടെ സിഎ മാർക്ക്
10. നോട്ടീസ് ബോർഡ്
11. സർജന്റ്
12. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി